**7/6/2019-ൽ കോട്ടയത്തു വച്ച് നടന്ന ബഹുമാനപ്പെട്ട തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ റിവ്യൂ മീറ്റിങ്ങിൽ വിവിധ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ജന പ്രതിനിധികൾ ഉന്നയിച്ച ചോദ്യങ്ങളുടെ മറുപടി**

**Q)** മരാമത്ത് പ്രവൃത്തികളുടെ പ്രവൃത്തിക്കുള്ള റേറ്റ് നിശ്ചയിക്കുന്നത് ഓഫ് സീസണിൽ ആക്കിക്കൂടെ ?

**Ans)** മരാമത്ത് പ്രവൃത്തികളുടെ റേറ്റ് നിശ്ചയിക്കുന്നത് CPWD DSR- ഉം cost index-- ഉം പ്രകാരമാണ് . PWD ടി പുതുക്കിയ റേറ്റ് NIC മുഖാന്തിരം പ്രൈസ് സോഫ്റ്റ് വെയറിൽ അപ്‌ലോഡ് ചെയ്യുന്നത് LSGD യിലും പിന്നീട് ബാധകമാക്കുകയാണ് ചെയ്യുന്നത് . ഓഫ് സീസണിൽ റേറ്റ് നിശ്ചയിക്കുന്നത് നല്ല കാര്യം ആണ് . ആയത് PWD -യും കരാറുകാരുടെ സംഘടനയും ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതാണ് .

**Q)** തൊഴിലുറപ്പു പദ്ധതിയിൽ റോഡ് പണിയുന്നതിന് ആവശ്യത്തിന് മെറ്റീരിയൽസ് കിട്ടുന്നില്ല ? ( Rajakumari GP, Idukki)

**Ans)** തൊഴിലുറപ്പു പദ്ധതിയിൽ സാധന സാമഗ്രികളുടെ ഉപയോഗം കുറയ്ക്കുന്ന തരത്തിലുള്ള സോയിൽ സ്റ്റെബിലൈസഷൻ പോലെയുള്ള പുതിയ ടെക്നോളോജിസ് ഉപയോഗിച്ച് റോഡ് പ്രവൃത്തികൾ നടപ്പിലാക്കാവുന്നതാണ്. ഇങ്ങനെ റോഡ് പ്രവൃത്തി ചെയ്യുമ്പോൾ 2 layer മെറ്റലിങ് നടത്തുന്നതിന് പകരം മെറ്റലിങ് ഇല്ലാതെ തന്നെ മണ്ണിനെ harden ചെയ്ത് ടാറിങ് ചെയ്യാവുന്നതാണ് . ടി ടെക്നോളജിയെ സംബന്ധിച്ച വിവരങ്ങൾ Executive Engineers -ൽ നിന്നും ലഭിക്കുന്നതാണ്.

**Q)** PMGSY പദ്ധതിയുടെ കാലാവധി എത്ര വർഷം ?

**Ans)** PMGSY പദ്ധതിയുടെ കൺസ്ട്രക്ഷൻ കാലാവധി ഒരു വർഷവും maintenance കാലാവധി 5 വർഷവുമാണ് . maintenance - ന് ആവശ്യമുള്ള തുകയും കൂടി ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കി ടെൻഡർ ചെയ്ത് എഗ്രിമെന്റ്

വക്കുന്നത് . ഈ പ്രവൃത്തികളിൽ നിർമ്മാണം പൂർത്തിയാക്കിയതിനു ശേഷം 5 വർഷത്തിനുള്ളിലുള്ള എല്ലാ പ്രവൃത്തികളുടെയും (tarring, shoulder work, road painting, culverts, sign boards etc.) maintenance കരാർ പ്രകാരം 5 വർഷവും കരാറുകാരൻ തന്നെ ചെയ്യണം . എന്നാൽ ഏതെങ്കിലും തരത്തിലുള്ള pot holes , അല്ലെങ്കിൽ മറ്റെന്തെങ്കിലും തകരാർ കരാറുകാരൻ ചെയ്യുന്നില്ല എങ്കിൽ PMGSY Executive Enginner - നെ അറിയിക്കേണ്ടതാണ് . വർഷാവർഷം ടി maintenance നടത്തി എന്ന സർട്ടിഫിക്കറ്റ് Executive Enginner നൽകുമ്പോൾ മാത്രമാണ് maintenance - നുള്ള തുക കരാറുകാരന് നൽകുന്നത് . ടി പ്രവൃത്തിയെ സംബന്ധിക്കുന്ന എല്ലാ വിവരങ്ങളും ഉൾകൊണ്ടുകൊണ്ടുള്ള നെയിം ബോർഡ് പോലും കരാറുകാരൻ വർഷാവർഷം maintenance ചെയ്യണം. ഇക്കാര്യത്തിൽ കരാറുകാരൻ വീഴ്ച വരുത്തിയാൽ "Mere Sadak " എന്ന മൊബൈൽ ആപ്ലിക്കേഷനിലൂടെയും "CPGRAMS" എന്ന വെബ് ആപ്ലിക്കേഷനിലൂടെയും പരാതികൾ ഓൺലൈൻ ആയി അയക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. ടി പരാതികൾക്ക് 7 ദിവസത്തിനകം interim റിപ്പോർട്ടും 60 ദിവസത്തിനകം ഫൈനൽ റിപ്പോർട്ടും നൽകേണ്ടതാണ്.

**Q)** ടെൻഡർ, റീടെൻഡർ, quotation ഇവ ചെയ്തിട്ടും പോകാതെ വരുന്ന പ്രവൃത്തികൾ മുൻപ് അനുവദിച്ചിരുന്നത് പോലെ ഗുണഭോക്ത കമ്മിറ്റി ചെയ്യാൻ അനുവാദം ലഭിക്കണം ?

**Ans)** പല തവണ ടെൻഡർ ചെയ്തിട്ടും പ്രവൃത്തികൾ ഏറ്റെടുക്കുവാൻ കരാറുകാർ വരാത്തത് എന്തുകൊണ്ടാണ് എന്ന് പരിശോധിക്കേണ്ടതാണ്. എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ പോരായ്മ ആണെങ്കിൽ ആയതു സൈറ്റിലെ ആവശ്യതക്കനുസരിച്ചുള്ളതാണോ എന്ന് പരിശോധിക്കേണ്ടതും അതനുസരിച്ചു എസ്റ്റിമേറ്റ് പുതുക്കി ടെൻഡർ ചെയ്യേണ്ടതുമാണ് . സർക്കാർ ഉത്തരവുകൾ പ്രകാരം ഗുണഭോക്ത കമ്മിറ്റികളെ പ്രവൃത്തികളിൽ നിന്നും ഒഴിവാക്കിയിക്കുകയാണ്. പല കമ്മിറ്റികളും കരാറുകാരെയാണ് പ്രവൃത്തികൾ ഏല്പിക്കാറുള്ളത്. കരാറുകാർക്ക് പ്രത്യേകിച്ച് ബാധ്യതയൊന്നും വരാത്തതിനാൽ പ്രവൃത്തികൾ നിർമ്മാണം നടത്തി വികലമാക്കിക്കളയും. ആയതുകൊണ്ട് തന്നെയാണ് ഗുണഭോക്ത

കമ്മിറ്റികളെ ഒഴിവാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. പ്രവൃത്തികൾ ടെൻഡർ പ്രക്രിയയിലൂടെ തന്നെ നടപ്പിലാക്കുന്നതാണ് ഉചിതം.

**Q)** അപ്പർ കുട്ടനാട് മേഖലയായ അയ്മനം , കുമരകം , തിരുവാർപ്പ് പോലുള്ള പഞ്ചായത്തുകളിൽ റോഡ് നിർമ്മാണത്തിന് പൂഴി അത്യന്താപേക്ഷിതമാണ്. എന്നാൽ മണ്ണിന്റെ സർക്കാർ റേറ്റ് വളരെ കുറവ് ആയതിനാൽ നിർമ്മാണ പ്രവർത്തനം വളരെ പ്രതിസന്ധിയിൽ ആണ്.മണ്ണിന്റെ റേറ്റ് ഈ പഞ്ചായത്തുകളിൽ പുനഃ ക്രമീകരിച്ചു മാർക്കറ്റ് റേറ്റ് ലഭ്യമാക്കണം ?

**Ans)** ആലപ്പുഴ ജില്ലയിൽ മണ്ണിന്റെ റേറ്റ് ചീഫ് ടെക്നിക്കൽ എക്സാമിനറുടെ അനുമതിയോടെ പി. ഡ ബ്ലിയു .ഡി റോഡ്സ് & ബ്രിഡ്ജസ് ചീഫ് എൻജിനിയറുടെ 22/5/2017- ലെ CE/R&B/ALP/769/2016 ഉത്തരവ് പ്രകാരം Rs.400/m3( inclusive of Royalty charges and excludes cost of conveyance) എന്ന നിരക്കിൽ പുനഃ ക്രമീകരിച്ചു നല്കിയിട്ടുള്ളതാണ്. ആയതു തദ്ദേശ്ശ സ്വയം ഭരണ വകുപ്പിലും നടപ്പിലാക്കിയിട്ടുള്ളതാണ് . ആയതുപോലെ ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് ടി പരാതി അയയ്ക്കുന്നതാണ്.

**Q)** രണ്ടു തവണ ടെൻഡർ നടത്തിയിട്ടും ആരും എടുക്കാത്ത വർക്കുകൾ കമ്മിറ്റി വർക്ക് ആയി ചെയ്യുവാനുള്ള അനുവാദം കിട്ടിയാൽ നല്ലതാണ് ? **(Nedumkandam Block Panchayat)**

**Ans)** പല തവണ ടെൻഡർ ചെയ്തിട്ടും പ്രവൃത്തികൾ ഏറ്റെടുക്കുവാൻ കരാറുകാർ വരാത്തത് എന്തുകൊണ്ടാണ് എന്ന് പരിശോധിക്കേണ്ടതാണ്. എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ പോരായ്മ ആണെങ്കിൽ ആയതു സൈറ്റിലെ ആവശ്യതക്കനുസരിച്ചുള്ളതാണോ എന്ന് പരിശോധിക്കേണ്ടതും അതനുസരിച്ചു എസ്റ്റിമേറ്റ് പുതുക്കി ടെൻഡർ ചെയ്യേണ്ടതുമാണ് . സർക്കാർ ഉത്തരവുകൾ പ്രകാരം ഗുണഭോക്ത കമ്മിറ്റികളെ പ്രവൃത്തികളിൽ നിന്നും ഒഴിവാക്കിയിക്കുകയാണ്. പല കമ്മിറ്റികളും കരാറുകാരെയാണ് പ്രവൃത്തികൾ ഏല്പിക്കാറുള്ളത്. കരാറുകാർക്ക് പ്രത്യേകിച്ച് ബാധ്യതയൊന്നും വരാത്തതിനാൽ പ്രവൃത്തികൾ നിർമ്മാണം നടത്തി

വികലമാക്കിക്കളയും. ആയതുകൊണ്ട് തന്നെയാണ് ഗുണഭോക്ത കമ്മിറ്റികളെ ഒഴിവാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. പ്രവൃത്തികൾ ടെൻഡർ പ്രക്രിയയിലൂടെ തന്നെ നടപ്പിലാക്കുന്നതാണ് ഉചിതം.

**Q)** പാറ, മണൽ എന്നിവയുടെ ലഭ്യത കുറവ് പരിഹരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണം? **(Nedumkandam Block Panchayat)**

**Ans)** മേൽ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഖനനം മൂലമുള്ള പാരിസ്ഥിതിക ആഘാതം കൂടി കണക്കിലെടുത്ത് സർക്കാർ നടപടികൾ സ്വീകരിക്കുന്നതാണ്. നൂതന സാങ്കേതിക വിദ്യയും നൂതന സാധന സാമഗ്രികളും കെട്ടിട നിർമ്മാണത്തിന് FACT- GFRG PANEL മുതലായവ യും കൂടുതലായി ഉപയോഗിക്കുന്നത് പരിശോധിച്ച് പരിഗണിക്കാവുന്നതാണ്.

**ചീഫ് എഞ്ചിനീയർ**